**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1622** **19-09-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ പി.യു.കെ.സി. റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ പ്രധാന റോഡായ പി.യു.കെ.സി. റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഏപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (എ) | കോഴിക്കോട് ജില്ലയിലെ **പി.യു.കെ.സി.** റോഡ് വികസന എൽ.എ. നടപടിയുടെ 4(1) വിജ്ഞാപനം 05.04.2025 തീയതിയിലെ 1358 നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ ആഘാത പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ വിവിധ വിഷയങ്ങളിൽ വിദഗ്ധ സമിതി 27.08.2025 തീയതിയിൽ കോഴിക്കോട് കളക്ടറേറ്റിൽ യോഗം ചേരുകയും നിർദ്ധിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ 2013 ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. സെക്ഷൻ 8-ൽ നിഷ്കർഷിച്ചിരിക്കുന്നതു പ്രകാരമുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. തുടർന്ന് 2013ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളായ പ്രാഥമിക വിജ്ഞാപനം, ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയിക്കൽ, സബ് ഡിവിഷൻ റെക്കോർഡ് തയ്യാറാക്കൽ, വിശദ വിലവിവരപട്ടിക തയ്യാറാക്കൽ, എൽ.എ. ഫണ്ട് അനുവദിക്കൽ, 19(1) വിജ്ഞാപനം, അവാർഡ് എൻക്വയറി, അവാർഡ് തയ്യാറാക്കി അംഗീകരിക്കൽ തുടങ്ങിയവ പൂർത്തിയാക്കിയതിനു ശേഷം മാത്രമേ ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിയ്ക്ക് കൈമാറാൻ സാധിക്കുകയുള്ളൂ. ഈ നടപടികൾ വേഗതയിൽ പൂർത്തീകരി ക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ